"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വിസ്- തൃപ്പൂണിത്തുറ നഗരസഭയിൽ [illegible] വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- റവന്യൂ ഇൻസ്പെക്ടർ ശ്രീമതി ഉഷാകുമാരി, റവന്യൂ ഓഫീസർ ശ്രീ. സലിം സേട്ട് എന്നിവർക്കെതിരായി നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.1238/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/06/2020

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22.10.2013 തീയതിയിലെ ഇ7(എസ്.സി.16/13/ഇകെഎം) 19918/13 നമ്പർ കത്ത്

2 03.07.2017തീയതിയിലെ 11025/ഇയു2/14/തസ്വഭവ നമ്പർ കാരണംകാണിക്കൽ നോട്ടീസ്

3 നഗരകാര്യ ഡയറക്ടറുടെ 29.01.2019 തീയതിയിലെ വി3- 17512/2017 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തൃപ്പൂണിത്തുറ നഗരസഭയിൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് 23/07/2013 ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ നഗരസഭയുടെ അധികാരപരിധിയിൽ വരുന്ന ബ്രഡ് വേൾഡ് ('Bread World') എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം അപ്രൂവ്ഡ് പ്ലാനും, കംപ്ലീഷൻ പ്ലാനും അനുസരിച്ചല്ലാതെ പണി പൂർത്തിയാക്കിയതായും ശരിയായ രീതിയിൽ അല്ലാതെ നികുതി നിർണ്ണയം നടത്തിയതായും വിജിലൻസ് വിഭാഗം കണ്ടെത്തിയതിനാൽ ഇക്കാര്യത്തിലുള്ള നഗരകാര്യഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന നിലയിൽ സേവനത്തിൽനിന്ന് വിരമിച്ച റവന്യൂ ഓഫീസർ ശ്രീ. സലിം സേട്ട്, റവന്യൂ ഇൻസ്പെക്ടർ ശ്രീമതി ഉഷാകുമാരി എന്നിവരുടെ സേവനകാലയളവ് തൃപ്തികരമല്ലെന്ന നിഗമനത്തിൽ കെ.എസ്.ആർ പാർട്ട് 3 റൂൾ 59(ബി) പ്രകാരം പ്രതിമാസപെൻഷനിൽ നിന്ന് 100/-രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ടിയാളുകൾ സമർപ്പിച്ച മറുപടിയിൽ കൊച്ചി നഗരകാര്യ ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു..

2. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം തൃപ്പൂണിത്തുറ നഗരസഭയിലെ ആരോപണ വിധേയമായ ബ്രഡ് വേൾഡ് ( Bread World) എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന് 19/02/2011 തീയതിയായി പി.ഡബ്ല്യു 2/12097/10 ഫയൽ നമ്പർ പ്രകാരം ബി.എ. 381/2010-1

നമ്പറായി പെർമിറ്റ് നൽകിയിട്ടുള്ളതും 05/11/2012 ലെ പി.ഡബ്ല്യു2-13398/12 തീയതിയായി ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകിയതായും ആർ1-14140/2012 നമ്പറിൽ ടി കെട്ടിടത്തിന് ഗ്രൗണ്ട് ഫ്ളോറിന് XII/337 ഇ, ഇ1, ഒന്നാം നിലയ്ക്ക് എഫ്, രണ്ടാം നിലയ്ക്ക് ജി , എന്നീ നാലു നമ്പറുകൾ നഗരസഭയിൽ നിന്നും അനുവദിച്ചിട്ടുള്ളതുമാണ്. ആയതിന് 01/10/2012 ൽ നിലവിൽ വരുന്ന രീതിയിൽ ക്രമമായി അർദ്ധവാർഷിക നികുതി ഇ, ഇ1, എഫ്, ജി എന്നീ നമ്പറുകൾക്ക് യഥാക്രമം ഇ-3,546/- രൂപ ഇ1-14,628/- രൂപ, എഫ്-18,221/-രൂപ, ജി-2,877/- രൂപ നിരക്കിൽ നിശ്ചയിച്ച നൽകിയിട്ടുള്ളതുമാണ്. ആയതിൽ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോർ വാണിജ്യാവശ്യത്തിനും ഒന്നാം നില റസിഡൻഷ്യൽ ഡോർമിറ്ററി (Residential/Dormitory) ആവശ്യത്തിനും രണ്ടാം നില റസിഡൻഷ്യൽ പർപ്പസ് എന്നിങ്ങനെയാണ് കാണിച്ചിരിക്കുന്നത്.

3. 04/06/2013ൽ ടെലഫോൺ മുഖേന ടി കെട്ടിടം സംബന്ധിച്ച് നഗരസഭയിൽ ലഭിച്ച പരാതിയിൽ 05/06/2013 ൽ നഗരസഭ ബിൽഡിംഗ് ഇൻസ്പെക്ടർ, റവന്യൂ ഓഫീസർ എന്നിവർ ചേർന്ന് നടത്തിയ അന്വേഷണത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ റസിഡൻഷ്യൽ പർപ്പസിനായി കെട്ടിട നമ്പർ നൽകിയിട്ടുള്ള രണ്ടാം നിലയിലെ XII 337 ജി നമ്പർ കെട്ടിടം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതായി കണ്ടെത്തുകയും പ്രസ്തുത വിഷയത്തിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനായി ടി വിഷയം കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്മാരിൽ റവന്യൂ ഇൻസ്പെക്ടർ ശ്രീമതി ഉഷാകുമാരി സേവനത്തിൽ നിന്നും 30/11/2012ൽ വിരമിച്ച സാഹചര്യത്തിൽ റവന്യൂ ഓഫീസർ ശ്രീ. സലിം സേട്ടിൽ നിന്നും വിശദീകരണം തേടാവുന്നതാണെന്നുമുള്ള നഗരസഭാസെക്രട്ടറിയുടെ 27/06/2013 ലെ ആർ1-14140/12 നമ്പറായി ജി സെക്ഷന് കുറിപ്പ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം ഉടമസ്ഥന്മാർക്ക് ടി വിഷയത്തിൽ നോട്ടീസ് നൽകിയിട്ടുള്ളതുമായി കാണുന്നതായി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. നോട്ടീസ് ലഭിച്ചതിനെ തുടർന്ന് കെട്ടിട ഉടമസ്ഥർ 05/07/2013ന് രണ്ടാം നില വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ടി അപേക്ഷയിൽ രണ്ടാം നിലയിൽ കെട്ടിട ഉടമസ്ഥൻ ഇപ്പോൾ വാടകയ്ക്ക് കൊടുത്തിരിക്കുന്ന ബ്രഡ് വേൾഡിന്റെ ഉടമസ്ഥൻ തന്നെയാണ് ഇപ്പോൾ കാണുന്ന ഘടനാവ്യത്യാസങ്ങൾ വരുത്തിയിട്ടുള്ളതെന്ന് വ്യക്തതയോടെ രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നതായും തൃപ്പൂണിത്തുറ നഗരസഭയുടെ 19/07/2013 ലെ ആർ1-14140/12 നമ്പർ അറിയിപ്പ പ്രകാരം ഒരിക്കൽ അനുവദിച്ച ഒക്യുപൻസി സർട്ടിഫിക്കറ്റ് പ്രകാരമുള്ള ഉപയോഗക്രമത്തിൽ മാറ്റം വരുത്തി ഉപയോഗിക്കുന്നതിന് കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ വ്യവസ്ഥ ചെയ്തിട്ടുള്ള വകുപ്പുകൾ പ്രകാരം നിയമാനുമതി ഇല്ലാത്തതാണെന്നും ഒന്നാംനില, രണ്ടാം നില എന്നിവയുടെ ഒക്യുപൻസി നിലവിൽ അനുവദിച്ച ഉപയോഗക്രമത്തിൽ നിന്നും മാറ്റം വരുത്തുന്നതിനായി ലഭിച്ച അപേക്ഷ പരിഗണനാർഹമല്ല എന്ന് കെട്ടിട ഉടമസ്ഥരെ അറിയിച്ചിട്ടുള്ളതായും മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2012 നവംബർ മാസം സേവനത്തിൽ നിന്നും വിരമിച്ച റവന്യൂ ഇൻസ്പെക്ടർ ശ്രീമതി ഉഷാകുമാരി, ടാക്സ് അസ്സസ്സ്മെന്റ് പരിശോധന നടത്തിയ കാലയളവിൽ കെട്ടിടത്തിന് ഇപ്പോൾ വിജിലൻസ് റിപ്പോർട്ടിൽ പരാമർശിക്കുന്ന മാറ്റങ്ങൾ ഉണ്ടായിരുന്നില്ലെന്നും ടിയാളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് റവന്യൂ ഓഫീസർ ശ്രീ. സലിം സേട്ട് ടാക്സ് അസ്സസ്സ് ചെയ്തിരിക്കുന്നതെന്നും പ്രസ്തുത കെട്ടിടം ഏതെങ്കിലും ഹോട്ടലോ, ബേക്കറിയായോ പ്രവർത്തിക്കും എന്ന് യാതൊരു മുൻധാരണയും ഇല്ലാതിരുന്നതായി ശ്രീ. സലിം സേട്ട് മറുപടി നൽകിയിട്ടുള്ളതായും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

4. മേൽ വിഷയം സംബന്ധിച്ച് 23/07/2013 ന് വിജിലൻസ് മിന്നൽ പരിശോധന നടത്തി 27/07/2013ലെ എസ്.സി 16/2013/ഇ.കെ.എം. നമ്പറായുള്ള റിപ്പോർട്ടിലെ പേജ് നമ്പർ 3 ൽ

അവസാന ഖണ്ഡികയിൽ ടാക്സ് അസസ്മെന്റ് ഫയൽ പരിശോധിച്ചതിൽ ഗ്രൌണ്ട് ഫ്ളോർ വാണിജ്യാവശ്യത്തിനായാണ് കാണിച്ചിട്ടുള്ളതെന്നും ആയതിന് വാണിജ്യ ആവശ്യത്തിനുള്ള നികുതി നിശ്ചയിച്ചിട്ടുള്ളതായും നാലാം പേജിൽ ഒന്നാം നില റസിഡൻഷ്യൽ ഡോർമിറ്ററി (Residential/Dormitory) ആയാണ് കാണിച്ചിട്ടുള്ളതെന്നും എന്നാൽ ആയതിന് വാണിജ്യ ആവശ്യത്തിനുള്ള നികുതിയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ടി രണ്ടു നിലകളിലെ നികുതി നിർണ്ണയത്തിൽ അപാകത ഇല്ലാത്തതായി കാണുന്നു. രണ്ടാം നിലയിലെ ടാക്സ് അസ്സസ്സ്മെന്റ് ചെയ്തിരുന്ന സമയത്ത് ടി നില വാണിജ്യാവശ്യത്തിനായി ഉപയോഗിക്കും എന്ന യാതൊരു ധാരണയും ഇല്ലാതിരുന്നതിനാൽ ടി നികുതി നിർണ്ണയത്തിൽ ടി കാലയളവ് കണക്കിലെടുക്കുമ്പോൾ അപാകത ഉള്ളതായി കാണുന്നില്ല എന്നതിനാൽ ശ്രീ. സലിം സേട്ട്, ശ്രീമതി ഉഷാകുമാരി എന്നിവരുടെ ഭാഗത്തുനിന്നും നികുതി നിർണ്ണയത്തിൽ മനപൂർവ്വമായ വീഴ്ച സംഭവിച്ചതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാ എന്നത് കണക്കിലെടുത്ത് ടി ജീവനക്കാരുടെ പേരിലുള്ള തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുന്നു.

5. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്, നഗരകാര്യ ഡയറക്ടറുടെ ശുപാർശ എന്നിവ സഹിതം വിശദമായി പരിശോധിച്ചതിൽ തൃപ്പൂണിത്തുറ നഗരസഭയിൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് നികുതി നിർണ്ണയം നടത്തിയതിൽ ശ്രീ. സലിം സേട്ട്, ശ്രീമതി. ഉഷാകുമാരി എന്നിവരുടെ ഭാഗത്തുനിന്നും മന:പൂർവ്വമായ വീഴ്ച സംഭവിച്ചതായി കാണാവുന്നതല്ല. കൂടാതെ ഈ വിഷയത്തിൽ നഗരസഭയിൽ ലഭിച്ച പരാതിയിൽ 05/06/2013 ൽ നടത്തിയ അന്വേഷണത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ റസിഡൻഷ്യൽ പർപ്പസിനായി കെട്ടിട നമ്പർ നൽകിയിട്ടുള്ള രണ്ടാം നിലയിലെ XII 337 ജി നമ്പർ കെട്ടിടം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതായി കണ്ടെത്തുകയും ടി വിഷയം കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്മാരിൽ വിശദീകരണം തേടിയിട്ടുള്ളതും കെട്ടിടം ഉടമസ്ഥന്മാർക്ക് ടി വിഷയത്തിൽ നോട്ടീസ് നൽകിയിട്ടുള്ളതുമായി കാണുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. സലിം സേട്ട് 31.08.2013 ലും ശ്രീമതി ഉഷാകുമാരി 30.11.2012 ലും വിരമിച്ചിട്ടുള്ളതുമാണ്.

6. മേൽ സാഹചര്യത്തിൽ തൃപ്പൂണിത്തുറ നഗരസഭയിൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് റവന്യൂ ഇൻസ്പെക്ടർ ശ്രീമതി ഉഷാകുമാരി, റവന്യൂ ഓഫീസർ ശ്രീ. സലിം സേട്ട് എന്നിവർക്കെതിരായി ആരംഭിച്ച നടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി ഉഷാകുമാരി.റവന്യൂ ഇൻസ്പെക്ടർ, തൃപ്പൂണിത്തുറ നഗരസഭ
(നഗരകാര്യഡയറക്ടർ മുഖേന)

ശ്രീ. സലിം സേട്ട്, റവന്യൂ ഓഫീസർ, തൃപ്പൂണിത്തുറ നഗരസഭ
(നഗരകാര്യഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ